# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1078** 08/02/2013 ൽ മറുപടിക്ക്

## വെബ് പോർട്ടൽ അധിഷ്ഠിതപഠനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.പി.വിൻസെന്റ്: | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) കേരളത്തിൽ വെബ്പോർട്ടൽ അധിഷ്ഠിത പഠനം സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാം; | എ) ഐ.സി.ടി അധിഷ്ഠിത പഠനത്തിന്റെ ഭാഗമായി ഐ.ടി അറ്റ് സ്കൂൾ പ്രോജക്ട് വെബ് പോർട്ടൽ അധിഷ്ഠിത വിഭവങ്ങൾ തയ്യാറാക്കി resource.itschool.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) പ്രസ്തുത പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദമാക്കുമോ; | ബി) ഹൈസ്കൂൾ, ഹയർസെക്കന്ററി ക്ലാസുകളിലെ ശാസ്ത്ര-ഗണിത ശാസ്ത്ര വിഷയങ്ങളുടെയും, വൊക്കേഷണൽ ഹയർസെക്കന്ററിയുടെ ഏഴ് സബ്ജക്ടുകളുടെയും ഇന്ററാക്ടീവ് മൾട്ടിമീഡിയ പാഠങ്ങളും, ഓഡിയോ പാഠങ്ങളുമാണ് എസ്.ഐ.ഇ.ടി വെബ്പോർട്ടലിൽ അപ്ലോഡ് ചെയ്തിരിക്കുന്നത്. 8,9,10 ക്ലാസുകളിലെ ഗണിതശാസ്ത്രം, ഭൗതിക ശാസ്ത്രം, രസതന്ത്രം, ജീവശാസ്ത്രം ഇവയുടെ ഇന്ററാക്ടീവ് മൾട്ടിമീഡിയ പാഠങ്ങളും വൊക്കേഷണൽ ഹയർസെക്കന്ററിയുടെ അഗ്രിക്കൾച്ചറൽ, ക്ലോത്തിംഗ് ആന്റ് എംബ്രോയിഡറി, സിവിൽ കൺസ്ട്രക്ഷൻ, ഡൊമസ്റ്റിക് നേഴ്സിംഗ്, ഓഫീസ് സെക്രട്ടറിഷിപ്പ്, ട്രാവൽ ആന്റ് ടൂറിസം, മെഡിക്കൽ ലാബ് ടെക്നീഷ്യൻ എന്നീ വിഷയങ്ങളുടെ ഇന്ററാക്ടീവ് മൾട്ടിമീഡിയ പഠനങ്ങൾ ഇപ്പോൾ പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

[illegible]

1. കേരളത്തിലെ സ്കൂളുകളിൽ ഇ-ലേണിംഗ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യുക്കേഷണൽ ടെക്നോളജി രൂപകൽപന ചെയ്ത പദ്ധതിയാണ് സ്കൂൾ ലേണിംഗ് വെബ്പോർട്ടൽ. സ്കൂൾ വിദ്യാർത്ഥികൾക്കു വേണ്ടി എസ്.ഐ.ഇ.ടി തയ്യാറാക്കിയ www.sietkerala.gov.in എന്ന ലേണിംഗ് വെബ്പോർട്ടൽ 2012 നവംബർ 7 ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.

2. ഫീസ്, രജിസ്ട്രേഷൻ തുടങ്ങിയ നിബന്ധനകളില്ലാതെ ഏതു വിദ്യാർത്ഥികൾക്കും ഏത് സമയത്തും എവിടെ വച്ചും ഉപയോഗിക്കാൻ കഴിയും വിധം ഫ്രീ ആന്റ് ഓപ്പൺ ലേണിംഗ് ഫോമിലാണ് എസ്.ഐ.ഇ.ടി വെബ്പോർട്ടൽ തയ്യാറാക്കിയിരിക്കുന്നത്.

3. വെബ്പോർട്ടലധിഷ്ഠിത പഠനസമ്പ്രദായം നടപ്പിൽ വരുത്തിയ ആദ്യ ഇന്ത്യൻ സംസ്ഥാനമെന്ന ബഹുമതിയാണ് ഇതോടെ കേരളത്തിന് സ്വന്തമായത്. വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള ഇന്ത്യയിലെ ആദ്യ ഫ്രീ ആന്റ് ഓപ്പൺ ലേണിംഗ് പോർട്ടൽ സംസ്ഥാനത്തെ 25 ലക്ഷം സ്കൂൾ വിദ്യാർത്ഥികൾക്ക് പഠനത്തിന് പ്രയോജനപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്.

4. ഹൈസ്കൂൾ, ഹയർസെക്കന്ററി ക്ലാസ്സുകളിലെ ശാസ്ത്ര-ഗണിതശാസ്ത്ര വിഷയങ്ങളുടെയും, വൊക്കേഷണൽ ഹയർസെക്കണ്ടറിയുടെ ഏഴ് സബ്ജക്ടുകളുടെയും ഇന്ററാക്ടീവ് മൾട്ടിമീഡിയ പാഠങ്ങളും , ഓഡിയോ പാഠങ്ങളുമാണ് എസ്.ഐ.ഇ.ടി വെബ്പോർട്ടലിൽ അപ്‌ലോഡ് ചെയ്തിരിക്കുന്നത്.

5. എട്ട്, ഒൻപത്, പത്ത് ക്ലാസ്സുകളിലെ മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങളുടെ ഇന്ററാക്ടീവ് മൾട്ടിമീഡിയാ ലെസണുകളും വൊക്കേഷണൽ ഹയർസെക്കണ്ടറിയുടെ അഗ്രിക്കൾച്ചർ, ക്ലോത്തിംഗ് ആന്റ് എംബ്രോയ്ഡറി, സിവിൽ കൺസ്ട്രക്ഷൻ, ഡൊമസ്റ്റിക് നഴ്സിംഗ്, ഓഫീസ് സെക്രട്ടറിഷിപ്പ്, ട്രാവൽ ആന്റ് ടൂറിസം, മെഡിക്കൽ ലാബ് ടെക്നീഷ്യൻ എന്നീ ഏഴു വിഷയങ്ങളുടെ ഇന്ററാക്ടീവ് മൾട്ടിമീഡിയ പാഠവുമാണ് ഇപ്പോൾ പോർട്ടലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

6. വോയ്സ് ഓവർ, വീഡിയോ, ടെക്സ്റ്റ്, ഗ്രാഫിക്സ്, ആനിമേഷൻ, ഇന്ററാക്ടീവ് ഗെയിം, തുടങ്ങിയ പ്രത്യേകതകളുള്ള മൾട്ടി മീഡിയാ പാഠങ്ങളാണ് ഇതിനുവേണ്ടി തയ്യാറാക്കിയിട്ടുള്ളത്.

7. മലയാളം മീഡിയം വിദ്യാർത്ഥികൾക്കും ഇംഗ്ലീഷ് മീഡിയം വിദ്യാർത്ഥികൾക്കും ഒരു പോലെ പ്രയോജനം ചെയ്യുന്നവിധമാണ് പോർട്ടലിലെ പാഠഭാഗങ്ങൾ തയ്യാറാക്കിയിരിക്കുന്നത്. ഇംഗ്ലീഷ്, മലയാളം എന്നിങ്ങനെ ഇഷ്ടമുള്ള ഭാഷയിൽ പോർട്ടൽ ഉപയോഗിക്കാനും പഠിക്കാനുമുള്ള അവസരവുമുണ്ട്.

8. നാടകരൂപത്തിൽ തയ്യാറാക്കിയ ഓഡിയോ ലെസണുകളാണ് വെബ്പോർട്ടലിന്റെ മറ്റൊരു പ്രത്യേകത. കാഴ്ചശേഷി കുറവുള്ള വിദ്യാർത്ഥികൾക്ക് ഹൈസ്കൂൾ, ഹയർസെക്കന്ററി, മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങളുടെ ശബ്ദരേഖാവതരണം കേട്ട് പഠിക്കാൻ സാധിക്കും. വ്യത്യസ്ത ശേഷിയുള്ള വിദ്യാർത്ഥികളുടെ പഠനം രസകരവും ആസ്വാദ്യകരവുമാക്കുന്നതിന് വേണ്ടിയാണ് പോർട്ടലിൽ ഓഡിയോ പാഠങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത്.

9. ഇന്റർനെറ്റ് വഴി ലേണിംഗ് വെബ്പോർട്ടൽ ഉപയോഗിച്ച നേരിട്ടോ, ഡൗൺലോഡു ചെയ്തോ വിദ്യാർത്ഥികൾക്ക് സ്കൂൾ പാഠങ്ങൾ പഠിക്കാം. കൂടാതെ പോർട്ടലിലെ ഉള്ളടക്കം പ്രിന്റ് ചെയ്ത് ഉപയോഗിക്കുവാനുള്ള സൗകര്യവും ഉണ്ട്.

10. (Anyone, Anywhere, Anytime) ഏതൊരാൾക്കും, എവിടെവച്ചും, ഏതുസമയത്തും പഠനത്തിനായി ഉപയോഗിക്കാവുന്ന വിധമാണ് പോർട്ടൽ സംവിധാനം ചെയ്തിരിക്കുന്നത്. കേരളത്തിലെ മാത്രമല്ല എല്ലാ ഇന്ത്യൻ സംസ്ഥാനങ്ങളിലേയും ഗൾഫുനാടുകളിലേക്കും ലോകത്തെല്ലായിടത്തുമുള്ള CBSE. ICSE വിദ്യാർത്ഥികൾക്കും ഈ പോർട്ടൽ പഠനത്തിനായി ഉപയോഗിക്കാൻ സാധിക്കും എന്നതാണ് ഇതിന്റെ മറ്റൊരു സവിശേഷത.

11. എസ്.ഐ.ഇ.ടി യുടെ ലേണിംഗ് വെബ്പോർട്ടൽ ഉപയോഗിച്ച് വിദ്യാർത്ഥികളുടെ ജന്മസിദ്ധമായ അഭിരുചി, മനോഭാവം, താൽപര്യം, വ്യക്തിത്വം തുടങ്ങിയ സ്വഭാവ സവിശേഷതകളെ ശാസ്ത്രീയ മാർഗ്ഗങ്ങളുപയോഗിച്ച് കണ്ടെത്തുന്നതിനുള്ള ഓൺലൈൻ അഭിരുചി പരീക്ഷാ സംവിധാനവും പോർട്ടലിൽ ഉണ്ട്. ഓരോ വ്യക്തിയിലും അന്തർലീനമായ കഴിവ് കണ്ടെത്തി അവർക്ക് അനുയോജ്യമായ ഉപരി പഠന മേഖലയും തൊഴിൽ മേഖലയും തെരഞ്ഞെടുക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകുകയാണ് അഭിരുചി പരീക്ഷയുടെ ലക്ഷ്യം. മലയാളം/ഇംഗ്ലീഷ് എന്നിങ്ങനെ ഇഷ്ടമുള്ള ഭാഷ തെരഞ്ഞെടുത്ത് വിദ്യാർത്ഥികൾക്ക് ഈ പരീക്ഷയിൽ പങ്കെടുക്കാം.

12. ഇ-ലേണിംഗിന്റെ നൂതന സങ്കേതമായ വെബ്പോർട്ടൽ അധിഷ്ഠിത പഠനമെന്ന സ്വപ്നസാക്ഷാത്കാരത്തിലേയ്ക്കാണ് കേരളം ചുവടുവെക്കുന്നത്. പ്രൈമറിതലം മുതൽ ഹയർസെക്കന്ററിതലം വരെയുള്ള വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിന് ഉപയോഗിക്കാവുന്നവിധം വെബ്പോർട്ടലിനെ വികസിപ്പിക്കണമെന്നാണ് എസ്.ഐ.ഇ.ടി ലക്ഷ്യമിടുന്നത്. വെബ്പോർട്ടൽ ഉപയോഗിച്ചുള്ള പഠനവും ഓൺലൈൻ അഭിരുചി പരീക്ഷയും അക്കാദമിക വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് ഏറെ സഹായകരമാകും.

സെക്ഷൻ ഓഫീസർ